ശൈഖ് മുഹമ്മദ് കാരകുന്ന്

# മാറ്റം അനിവാര്യമായ മദ്റസാ വിദ്യാഭ്യാസം

**കേരള** മുസ്‌ലിംകൾ വളരെയധികം മതാഭിമുഖ്യം പുലർത്തുന്നവരാണ്. നിരവധി മതസംഘടനകൾ ഇവിടെ പ്രവർത്തിച്ചുവരുന്നു. അവയുടെ ആഭിമുഖ്യത്തിൽ പതിനയ്യായിരത്തോളം മദ്റസകൾ നടന്നുവരുന്നു. ലക്ഷക്കണക്കിന് കുട്ടികൾ അവയിലൂടെ മതവിദ്യാഭ്യാസം നേടുന്നു. പതിനായിരക്കണക്കിന് അധ്യാപകർ അവരെ ഇസ്‌ലാമിക ശിക്ഷണശീലങ്ങളഭ്യസിപ്പിക്കുന്നു. ഇവിടത്തെ മഹാഭൂരിപക്ഷം മുസ്‌ലിംകളുടെയും മതവിദ്യാഭ്യാസം മദ്റസാ പഠനത്തിൽ പരിമിതമാണ്. അതുകൊണ്ടുതന്നെ മദ്റസാ പ്രസ്ഥാനമിന്ന് നിർവഹിച്ചുകൊണ്ടിരിക്കുന്ന സേവനം വളരെ വലുതാണ്. അവയില്ലായിരുന്നുവെങ്കിൽ വളരുന്ന തലമുറക്ക് പ്രാഥമിക മതപരിജ്ഞാനം പോലും ലഭിക്കുമായിരുന്നില്ല. കേരള മുസ്‌ലിംകൾ കോടിക്കണക്കിന് രൂപ മദ്റസാ വിദ്യാഭ്യാസത്തിനായി ചെലവഴിക്കാനുള്ള കാരണവും മറ്റൊന്നല്ല.

എന്നാൽ, മദ്റസാ വിദ്യാഭ്യാസം ഇന്ന് വേണ്ടത്ര ഫലപ്രദമായാണോ നടക്കുന്നത്? വിദ്യാർഥികളെ സംസ്കരിക്കുന്നതിൽ അതിന് കാര്യമായ പങ്കുവഹിക്കാൻ കഴിയുന്നുണ്ടോ? വരുംതലമുറയിൽ ഇസ്‌ലാമികബോധവും ശിക്ഷണശീലങ്ങളും കരുപ്പിടിപ്പിക്കുന്നതിൽ അത് വിജയിക്കുന്നുണ്ടോ? സമകാലീന സമൂഹത്തിലെ ജീവിതയാഥാർഥ്യങ്ങളെ സത്യസന്ധമായി വിലയിരുത്തുന്ന ആരും നിലവിലുള്ള അവസ്ഥയിൽ തൃപ്തിയടയുമെന്ന് തോന്നുന്നില്ല.

### സ്വഭാവസംസ്കരണം

നമ്മുടെ നാട്ടിലെ ഹൈന്ദവ-ക്രൈസ്തവ കുടുംബങ്ങളിലെ കുട്ടികൾ വ്യവസ്ഥാപിത മതപാഠശാലകളിൽനിന്ന് മതവിദ്യാഭ്യാസം നേടുന്നവരല്ല. എന്നാൽ മുസ്‌ലിം കുട്ടികൾ ചെറുപ്രായത്തിൽതന്നെ പ്രാഥമിക മദ്റസയിൽനിന്ന് മതപഠനമാരംഭിക്കുന്നു. എന്നിട്ടും സ്വഭാവത്തിലും സംസ്കാരത്തിലും അച്ചടക്കത്തിലും പെരുമാറ്റത്തിലും ഇതര സമുദായാംഗങ്ങളായ വിദ്യാർഥികളേക്കാൾ എടുത്തോതാവുന്ന വല്ല മേന്മയും നന്മയും മദ്റസകളിലൂടെ മതപഠനം നടത്തുന്ന മുസ്‌ലിംവിദ്യാർഥികൾക്കുണ്ടോ?

മലബാറിലെ പൊതുവിദ്യാലയങ്ങളിൽ അറബി ഒന്നാം ഭാഷയായി പഠിക്കുന്ന വിദ്യാർഥികൾ മിക്കവാറും എല്ലാ ക്ലാസ്സുകളിലും പ്രത്യേകം ഡിവിഷനുകളിലായിരിക്കും. അഥവാ അത്തരം ഡിവിഷനുകൾ മുസ്‌ലിംവിദ്യാർഥികൾ മാത്രമുള്ളവയായിരിക്കും. ഈ ക്ലാസ്സുകളുടെ ഉത്തരവാദിത്വം ഏറ്റെടുക്കാൻ പല അധ്യാപകരും മടിക്കുന്നു; അധ്യാപികമാർ വിശേഷിച്ചും. മുസ്‌ലിംകുട്ടികളുടെ അച്ചടക്കരാഹിത്യത്തെക്കുറിച്ച് പ്രധാനാധ്യാപകർ പരാതി പറയുന്നു. സദാചാര ലംഘനത്തിൽ പോലും മുസ്‌ലിംവിദ്യാർഥി-വിദ്യാർഥിനികളാണ് മുന്നിലെന്ന് മുസ്‌ലിം അധ്യാപകർ തന്നെ സങ്കടപ്പെടുന്നു.

എന്തുകൊണ്ടിങ്ങനെ? ഉത്തമ സ്വഭാവങ്ങളുടെ പൂർത്തീകരണത്തിനായാണ് താൻ നിയോഗിതനായതെന്ന് പ്രഖ്യാപിക്കുകയും എല്ലാ മഹദ്ഗുണങ്ങളുടെയും മൂർത്തരൂപമായി മാറുകയും ചെയ്ത മുഹമ്മദ് നബി(സ)യുടെ സമുദായം വ്യവസ്ഥാപിതമായി നൽകുന്ന മതവിദ്യാഭ്യാസത്തിന് വിദ്യാർഥികളുടെ സ്വഭാവസംസ്കരണത്തിൽ വിജയം വരിക്കാൻ സാധിക്കാത്തതെന്തുകൊണ്ട്? ഗൗരവപൂർവമായ പഠനമർഹിക്കുന്ന വിഷയമാണിത്.

### മർമം മറന്നപ്പോൾ

നിർബന്ധവും ഐഛികവുമായ ആരാധനാകർമങ്ങൾ അവയുടെ വിശദാംശങ്ങളോടെ അഭ്യസിപ്പിക്കുന്നതിൽ നമ്മുടെ മദ്റസാ വിദ്യാഭ്യാസം ഒട്ടൊക്കെ വിജയം വരിക്കുന്നുണ്ട്. ഖുർആൻ പാരായണവും ഇസ്‌ലാമിക ആചാരാനുഷ്ഠാനങ്ങളും പഠിപ്പിക്കുന്നതിലും അത് ജാഗ്രത പുലർത്തുന്നു. അതുകൊണ്ടുതന്നെ ആരാധനാ -ആചാരാനുഷ്ഠാനങ്ങളിൽ മുസ്‌ലിംകൾ മുമ്പെന്നത്തേക്കാളുമേറെ നിഷ്ഠ പുലർത്തുന്നുണ്ട്. പള്ളികളിൽ ഒത്തുകൂടുന്നവരുടെയും നോമ്പെടുക്കുന്നവരുടെയും ഹജ്ജ് നിർവഹിക്കുന്നവരുടെയും എണ്ണം ഗണ്യമായി വർധിച്ചിട്ടുണ്ട്. അനുഷ്ഠാനനിഷ്ഠയും മതചിഹ്നങ്ങളോട് താൽപര്യവും വളർത്തുന്നതിൽ മദ്റസാ വിദ്യാഭ്യാസം വലിയ പങ്കുവഹിക്കുന്നുവെന്നത് നിഷേധിക്കാനാവില്ല. പരമ്പരാഗത മതസംഘടനകളുടെ പ്രവർത്തനങ്ങൾ ഊന്നൽ നൽകുന്നതും ഈ രംഗത്തുതന്നെ.

യഥാർഥത്തിൽ ഇസ്‌ലാമിന്റെ കാതലായ വശങ്ങൾ സത്യവിശ്വാസവും സൽക്കർമങ്ങളുമാണ്. ഇത് രണ്ടും ഭദ്രമായാൽ അനുബന്ധ കാര്യങ്ങളെല്ലാം ശരിയാവും. അതിനാൽ ഇവ രണ്ടിനെയും സംബന്ധിച്ച് ചെറുപ്രായത്തിൽതന്നെ കുട്ടികളെ നന്നായി പഠിപ്പിക്കണം. തുടർന്ന് അവർ വളർന്നുവരുന്നതോടെ അവയെക്കുറിച്ച അറിവ് സൂക്ഷ്മവും അഗാധവുമാക്കി മാറ്റാൻ ശ്രമിക്കുകയും വേണം. അല്ലാഹുവിനെയും പരലോകത്തെയും പ്രവാചകന്മാരെയും ദൈവികഗ്രന്ഥങ്ങളെയും മലക്കുകളെയും സംബന്ധിച്ച കാര്യങ്ങൾ സത്യവിശ്വാസത്തിന്റെ ഭാഗമാണ്. നമസ്കാരവും നോമ്പും സകാത്തും ഹജ്ജും സൽക്കർമങ്ങളിൽ പെടുന്നു. എന്നാൽ അവ മാത്രമല്ല സൽക്കർമങ്ങൾ. ജീവിതത്തിലെ മുഴുവൻ കാര്യങ്ങളും അല്ലാഹുവെ ഓർത്തും അവന്റെ വിധിവിലക്കുകൾ പൂർണമായി പാലിച്ചും തികവോടെയും നിർവഹിക്കലാണ് സൽ

ക്കർമം. അതിനാൽ ചികിത്സയിലെ സൽക്കർമം ആ ജോലി വിദഗ്ധമായും സത്യസന്ധമായും, രോഗിയോട് കാരുണ്യവും പ്രതിബദ്ധതയും പുലർത്തിയും ചെയ്യലാണ്. അധ്യാപനത്തിൽ അത് സമർഥമായും ആത്മാർഥമായും നിർവഹിക്കലാണ്. സത്യവിശ്വാസം സുദൃഢമായാലേ മുഴുകർമങ്ങളിലും ഈ തികവും മികവും സത്യനിഷ്ഠയും മൂല്യപ്രതിബദ്ധതയും ഉണ്ടാവുകയുള്ളൂ. അതിനാൽ മതപഠനത്തിന്റെ പ്രഥമവും പ്രധാനവുമായ ഭാഗം സത്യവിശ്വാസമായിരിക്കണം. ഇതിൽ സിദ്ധാന്തങ്ങളേക്കാൾ ഉപയോഗപ്പെടുത്തേണ്ടത് ദൃഷ്ടാന്തങ്ങളെയാണ്. ഖുർആൻ സത്യവിശ്വാസം സുദൃഢമാക്കാൻ സ്വീകരിച്ച രീതി അതാണ്. ഖുർആൻസൂക്തങ്ങളിലൂടെ സമർപ്പിച്ച വിശ്വാസകാര്യങ്ങൾ ഉറപ്പിക്കാൻ പ്രപഞ്ചമാകുന്ന അലിഖിത ഗ്രന്ഥത്തിലെ ദൃഷ്ടാന്തങ്ങൾ പഠിച്ചറിയാനും നിരീക്ഷിക്കാനുമാണ് അതാവശ്യപ്പെടുന്നത്:

"ആകാശഭൂമികളുടെ സൃഷ്ടിയിലും രാപ്പകലുകൾ മാറി മാറി വരുന്നതിലും ചിന്താശേഷിയുള്ളവർക്ക് ധാരാളം ദൃഷ്ടാന്തങ്ങൾ (ആയാത്ത്) ഉണ്ട്" (ഖുർആൻ 3:190).

പ്രകൃതിയിലെ തെളിവുകൾ വിദ്യാർഥികളുടെ മനസ്സിൽ തെളിഞ്ഞുവരിക അവയെ സംബന്ധിച്ച പഠനത്തിലൂടെയാണ്. അത് നടക്കുന്നത് ഭൗതികവിദ്യാഭ്യാസത്തിലാണല്ലോ. അതിനാൽ അല്ലാഹു, പരലോകം, പ്രവാചകത്വം പോലുള്ളവയിലെ വിശ്വാസം ദൃഢതരമാക്കാൻ സ്കൂളുകളിൽ നൽകപ്പെടുന്ന ശാസ്ത്ര-ചരിത്രവിവരങ്ങളെ വിശുദ്ധ ഖുർആന്റെ വെളിച്ചത്തിൽ വിജ്ഞാനമാക്കി പരിവർത്തിപ്പിച്ച് വിദ്യാർഥികൾക്കു പകർന്നു നൽകേണ്ടതുണ്ട്. അഥവാ വിദ്യാർഥി, സമൂഹത്തിൽനിന്നോ ഭൗതികകലാലയങ്ങളിൽനിന്നോ ദൃശ്യ-ശ്രാവ്യ, അച്ചടി മാധ്യമങ്ങളിൽനിന്നോ എന്തു കേട്ടാലും പഠിച്ചാലും വിശ്വാസം ദുർബലമാവാതിരിക്കാനാവശ്യമായ ബോധവും ബോധ്യവും വളർത്താൻ മദ്റസാ വിദ്യാഭ്യാസത്തിനു സാധിക്കണം.

കുടുംബബന്ധം പുലർത്തുന്നതിന്റെ പ്രാധാന്യം, പൊതുജീവിതത്തിൽ പാലിക്കേണ്ട മൂല്യങ്ങൾ, പെരുമാറ്റമര്യാദകൾ, സ്വഭാവസംസ്കരണം, വ്യക്തിജീവിതത്തിലെ വിശുദ്ധി പോലുള്ളവയിൽ ഊന്നൽ നൽകുന്നതായിരിക്കണം മദ്റസാ വിദ്യാഭ്യാസം. സാമ്പത്തിക ഇടപാടുകളിൽ സത്യസന്ധത പുലർത്താൻ വിദ്യാർഥികളെ സജ്ജമാക്കുകയും വേണം. സത്യവിശ്വാസം സുദൃഢവും, ജീവിതവീക്ഷണം പൂർണമായും ഇസ്ലാമികവുമാക്കാൻ സാധിച്ചാൽ ഇതൊക്കെയും നടപ്പാക്കാവുന്നതേയുള്ളൂ.

നിലവിലുള്ള കേരളീയ ജീവിതത്തിൽ ബഹുസ്വരസമൂഹത്തിൽ പാലിക്കേണ്ട ഇസ്ലാമിക മര്യാദകളെയും മൂല്യങ്ങളെയും സംബന്ധിച്ച അവബോധം വിദ്യാർഥികളിൽ വളർത്തിയെടുക്കാൻ മദ്റസാ വിദ്യാഭ്യാസം സഹായകമാകണം. സർവോപരി താൻ സ്കൂളിലും സഹപാഠികൾക്കിടയിലും സമൂഹത്തിലും ഇസ്ലാമിനെ പ്രതിനിധീകരിക്കുന്നവനാണെന്ന ചിന്തയും വികാരവും കുട്ടിയിൽ കരുപ്പിടിപ്പിക്കാൻ ശ്രമിക്കണം. ഈ ഒരൊറ്റ ബോധം വിദ്യാർഥികളെ സൽസ്വഭാവികളും സച്ചരിതരും സത്യസന്ധരും സൽക്കർമികളുമാക്കും. ഒപ്പം നല്ല പ്രബോധകരും.

## മാതൃകയുടെ അഭാവം

കുട്ടികളുടെ മുമ്പിൽ ഇസ്ലാമിന്റെ യഥാർഥ പ്രതിനിധി മതം പഠിപ്പിക്കുന്ന മദ്റസാ അധ്യാപകനാണ്. അദ്ദേഹത്തിൽനിന്നാണ് വിദ്യാർഥികൾ ഇസ്ലാമികാധ്യാപനങ്ങളും മൂല്യങ്ങളും വായിച്ചെടുക്കുന്നത്. അതുകൊണ്ടുതന്നെ മദ്റസാധ്യാപകൻ ഇസ്ലാമിന്റെ ശരിയായ പ്രതിനിധിയും യഥാർഥ മാതൃകയുമാകണം. എന്നാൽ നിലവിലുള്ള അധ്യാപകരുടെ അവസ്ഥ അങ്ങനെയാണോ? കൊച്ചു വിദ്യാർഥികൾ പഠിക്കുന്ന സ്കൂളിലെ അധ്യാപകർ പൊതുവെ സാംസ്കാരികമായി ഉയർന്ന നിലവാരം പുലർത്തുകയും വിദ്യാർഥികളോട് നന്നായും മാന്യമായും പെരുമാറുകയും പൊതുമര്യാദകൾ പാലിക്കുകയും ചെയ്യുന്നു. മറുഭാഗത്ത് സംസ്കാരശൂന്യമായി പെരുമാറുകയും മോശമായ പദങ്ങളുപയോഗിച്ച് കുട്ടികളെ ചീത്ത പറയുകയും മര്യാദകെട്ട രീതിയിൽ ശിക്ഷിക്കുകയും ചെയ്യുന്ന എത്രയോ മദ്റസാധ്യാപകരുണ്ട്. മിക്കവാറും മതസംഘടനകൾ മദ്റസകളിൽ പൊതു പരീക്ഷ ഏർപ്പെടുത്തിയതിനാൽ തങ്ങളുടെ സ്ഥാപനത്തിന്റെ വിജയ നിലവാരം ഉയർത്താൻ വിദ്യാർഥികളെ കോപ്പിയടിക്കാനും കള്ളത്തരം കാണിക്കാനും അനുവദിക്കുകയും പ്രേരിപ്പിക്കുകയും ചെയ്യുന്ന അധ്യാപകർ പോലും ഇന്നുണ്ട്. അടുത്ത കാലത്ത് കേരളത്തിൽ നടന്ന മാർക്ക് കുംഭകോണം അറബിക്കോളേജ് അധ്യാപകർ നടത്തിയതാണെന്ന ദുഃഖസത്യം വിസ്മരിക്കാവതല്ല. ഇതിന്റെ കൊച്ചുപതിപ്പുകളാണല്ലോ മദ്റസകളിൽ നടക്കുക. ഇത്തരം മതാധ്യാപകരിലൂടെ കടന്നുപോകുന്ന വിദ്യാർഥികൾ ഇസ്ലാമികമൂല്യങ്ങൾ മുറുകെപ്പിടിക്കണമെന്ന് ശഠിക്കുന്നത് വ്യർഥമത്രെ.

## മാറുന്ന ലോകം<br>മാറാത്ത മദ്റസാ വിദ്യാഭ്യാസം

കേരളത്തിലെ പ്രാഥമിക മതവിദ്യാഭ്യാസം ഓത്തുപള്ളികളിൽനിന്ന് മദ്റസകളിലേക്ക് പുരോഗമിച്ചുവെങ്കിലും പിന്നീട് കാര്യമായ മാറ്റമൊന്നുമുണ്ടായിട്ടില്ല. അതേസമയം ഭൗതികവിദ്യാഭ്യാസരംഗത്ത് നവംനവങ്ങളായ പരീക്ഷണങ്ങൾ നിരന്തരം നടന്നുകൊണ്ടിരിക്കുന്നു. വിജ്ഞാനത്തിന്റെ പുതിയ സങ്കേതങ്ങളും സാങ്കേതികവിദ്യയുടെ പുതിയ നേട്ടങ്ങളും അധ്യയനത്തിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്നു. പാഠ്യപദ്ധതികളിൽ നിരന്തരം പരിഷ്കരണങ്ങൾ വരുത്തുന്നതോടൊപ്പം അധ്യയനരീതി ഏറ്റവും ആകർഷകവും വിദ്യാർഥികേന്ദ്രീകൃതവും കൂടുതൽ ഫലപ്രദവുമാക്കാൻ തീവ്രശ്രമങ്ങൾ നടന്നുവരുന്നു. ഇൻസർവീസ് കോഴ്സുകളിലൂടെ പുതിയ മാറ്റങ്ങൾ ഉൾക്കൊള്ളാൻ അധ്യാപകരെ സജ്ജമാക്കുന്നു. തദ്ഫലമായി വിദ്യാർഥികൾക്കിന്ന് സ്കൂൾ പഠനം ഏറെ ആകർഷകവും വ്യക്തിത്വ വികാസത്തിന് സഹായകവുമായി മാറിയിട്ടുണ്ട്. പ്രത്യേകിച്ചും പ്രൈമറി തലത്തിൽ.

എന്നാൽ മദ്റസകളിലെ പാഠപുസ്തകങ്ങൾ പോലും കാര്യമായ പരിഷ്കരണങ്ങൾ ഉൾക്കൊള്ളാറില്ല. അധ്യാപകർക്ക് ഫലപ്രദമായ പരിശീലനവും നൽകപ്പെടുന്നില്ല. അതുകൊണ്ടുതന്നെ വിദ്യാർഥികളുടെ മനശ്ശാസ്ത്രം മനസ്സിലാക്കാനും ഉൾക്കൊള്ളാനും അവർക്ക് കഴിയുന്നില്ല. പതിറ്റാണ്ടുകൾക്ക് മുമ്പുള്ള അധ്യാപനരീതി തന്നെയാണ് ഇന്നും നിലനിൽക്കുന്നത്. മാറ്റങ്ങൾ ഉൾക്കൊള്ളുന്നവർ മദ്റസാധ്യാപകരിൽ തുലോം വിരളമാണ്. തദ്ഫലമായി വിദ്യാർഥികളോടുള്ള അധ്യാപകരുടെ സമീപനവും പെരുമാറ്റവും മനശ്ശാസ്ത്രപരമാകുന്നില്ലെന്നു മാത്രമല്ല, പഠനം വിദ്യാർഥികൾക്ക് വളരെ വിരസമായി അനുഭവപ്പെടുകയും ചെയ്യുന്നു. ഇത് മദ്റസാ അധ്യാപകരോട് മതിപ്പുകേടും സ്കൂൾ അധ്യാപകരോട് ആദരവും വളർത്തുന്നു. അതോടൊപ്പം മതപഠനത്തോട് മടുപ്പും സ്കൂൾ വിദ്യാഭ്യാസത്തോട് താൽപര്യവുമുണ്ടാക്കുന്നു. ഇത് അവരുടെ ഭാവിജീവിതത്തെ അഗാധമായി സ്വാധീനിക്കുകയും ചെയ്യുന്നു.

മദ്റസാ വിദ്യാഭ്യാസം അനുഭവിക്കുന്ന ഈ പതിതാവസ്ഥക്കും പിന്നാക്കാവസ്ഥക്കും പരിഹാരം കാണാനും ആവശ്യമായ മാറ്റങ്ങൾ വരുത്താനും, അധ്യാപകർക്ക് ഫലപ്രദമായ പരിശീലനകോഴ്സുകൾ ഏർപ്പെടുത്തി പ്രാപ്തരായ ഗുരുക്കന്മാരെ വാർത്ത് വളർത്തിയെടുക്കാനും ഉത്തരവാദപ്പെട്ടവർ ഏറെ ജാഗ്രത പുലർത്തേണ്ടിയിരിക്കുന്നു. മദ്റസാ വിദ്യാഭ്യാസത്തിന്റെ സദ്ഫലങ്ങൾ വരും തലമുറകളിൽ കാണപ്പെടാൻ മറ്റു കുറുക്കുവഴികളില്ല. ■